## 731

എൻ യേശുവേ! എൻ ജീവനേ! എന്നാശ നീ മാത്രമാം

1 ശോകാന്ധകാരങ്ങളിൽ എൻ ഏകാന്ത നേരങ്ങളിൽ
എൻ കാന്താ! നീയുള്ളിലാശ്വാസമായ് വൈകാതെൻ മുൻ വന്നിടും-

2 ഉറ്റോരുപേക്ഷിച്ചിടും എൻ കൂട്ടാളികൾ പോയിടും
തെറ്റാതെന്നാവശ്യ നേരങ്ങളിൽ കൂട്ടായെനിക്കുണ്ടു നീ-

3 രാവിൽ വിളക്കാണു നീ എൻനാവിൽ മധുവാണു നീ
അളവില്ലാ കദനത്തിൻ കാർമേഘത്തിൽ മഴവില്ലിന്നൊളിയാണു നീ-

4 വേറില്ലെനിക്കാശ്രയം ഹാ! വേറില്ലെനിക്കാരുമേ
നേരിട്ടറിഞ്ഞെന്നഴൽ നീക്കുവാൻ ചാരത്തു നീ മാത്രമേ-

5 ഒന്നേയെനിക്കാഗ്രഹം ഞാൻ നിന്നെയെൻ മുൻകാണണം
എന്നേരവും നിൻ മുഖദർശനം തന്നേഴയെയോർക്കണം- **M.E.C.**